വർക്കേഴ്സ് യൂണിയൻ, മറെറാന്നു മോഡേൺ വുഡ് ക്രാഫ്റ്റു എംപ്ലോയീസ് യൂണിയൻ. ഈ രണ്ടു യൂണിയനുകളും ചേർന്നുനിന്നുകൊണ്ടു സത്യഗ്രഹം അനുഷ്ഠിച്ചു. ഇങ്ങനെ മാനേജരന്മാരുടെ വീട്ടിലും മറും പെന്നനിന്നു സത്യഗ്രഹം അനുഷ്ഠിക്കുന്ന സംപ്രദായത്തെ പ്രോത്സാഹിപ്പിക്കുവാൻ നിവൃത്തിയില്ല. ഇവിടെ കൺസിലിയേഷൻ നടപടികളും നടത്താം, അഡ്ജൂഡിക്കേഷൻ നടത്താം ആർബിട്രേഷൻ നടത്താം. എന്നിട്ടും ശല്യം ഉണ്ടാക്കുകയാണെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. ഈ കാര്യത്തിൽ പോലീസ് ലാ ആൻറ് ഓർഡർ നിയമം അനുസരിച്ചു കേസ് എടുത്തിരിക്കുകയാണു്. ഇതാണു് നില. പുതുതായി മറെറാരു അന്തരീക്ഷവും അവിടെയില്ല. ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണു്.

PRESENTATION OF REPORTS

Chief Minister (**Shri R. Sankar**) : Sir, I present the Report of the Select Committee on the Agricultural Income Tax (Amendment) Bill, 1963.

Shri K. V. Narayanan : Sir, I, Chairman, Committee on Private Members, Bills and Resolutions present the Third Report in 1964 of the Committee on Private Members' Bills and Resolutions.

FINANCIAL BUSINESS

General Discussion of the Budget for the Financial Year 1964-65 (*contd.*)

ശ്രീ. കെ. കൃഷ്ണൻ : സർ, ഈ ബഡ്ജറിനെ ശക്തിയായി എതിർക്കാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. നമ്മുടെ നാട്ടിലെ ജനങ്ങളെ ഏറവും അധികം ഇന്നു അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമായ വിലക്കയറ്റത്തിനു ഒരു അലംഭാവമനോഭാവമാണു് മുഖ്യമന്ത്രിയുടെ ഈ ബഡ്ജറ്റു് പ്രസംഗത്തിൽ കാണിച്ചിട്ടുള്ളതു്. നിത്യോപയോഗസാധനങ്ങളുടെ വില ദിവസംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. മകരക്കൊയ്ത്തു കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ പ്രധാനമായി നെല്ലുവിളയുന്ന പാലക്കാട്ടു ജില്ലയിൽ കറക്കളത്തിൽ നിന്നതന്നെ മിൽ ഉടമസ്ഥന്മാർ വലിയ വിലയ്ക്കു നെല്ലു വാങ്ങിക്കൊണ്ടുപോകുകയാണു്. കഴിഞ്ഞവർഷം ഒരു ചാക്കു നെല്ലിനു് 18 രൂപാ ഇരുപത്തു രൂപ വിലാക്കു കിട്ടുമായിരുന്നതു് ഈ കൊല്ലം 28 രൂപ 30 രൂപയായി വർദ്ധിച്ചിട്ടുണ്ടു്. ഈ വർദ്ധിച്ച വിലത്തോതു ഉണ്ടാകാൻ കാരണം ജന്മികളും കറക്കളത്തിൽ പെന്നു് പാട്ടം പിരിച്ചെടുക്കുകയും മിൽ ഉടമസ്ഥന്മാർ നെല്ലു് ഒന്നിച്ചു വാങ്ങിക്കൊണ്ടുപോകുന്നതുമാണു്. കർഷകത്തൊഴിലാളികൾക്കു നെല്ലുകുലി കിട്ടിക്കൊണ്ടിരുന്നതുപോലും ഇപ്പോൾ നിന്നുപോയിരിക്കുകയാണു്. മുളകിനും പരിപ്പിനും അതുപോലുള്ള മറു സാധനങ്ങൾക്കും 80-85 ശതമാനം വരെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. പഞ്ചസാര കിലോക്കു മുന്നര രൂപയായിരിക്കുകയാണു് ഞങ്ങളുടെ പ്രദേശത്തു്. കാർഡൊന്നിനു ഒരു കിലോയാണു് വച്ചിരിക്കുന്നതെങ്കിലും ബഹുഭൂരിപക്ഷം പേർക്കും കിട്ടുന്നതു കാൽകിലോ വച്ചും അരക്കിലോവച്ചുമാണു്. അങ്ങനെ ആളുകളുടെ വാങ്ങാനുള്ള ശക്തി വളരെ കുറഞ്ഞിരിക്കുന്ന സന്ദർഭത്തിൽ, വില വാണംപോലെ കയറിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ന്യായവില ഷാപ്പുകളും തുറക്കണമെന്നു പറഞ്ഞാൽ അതൊരു മിച്ചജില്ലയാണെന്നു പറയും. പിന്നെ പറയും ഇപ്പോൾ കൊയ്ത്തുകഴിഞ്ഞു അതുകൊണ്ടു് വില താന്നിട്ടുണ്ടെന്നു്. നെല്ലു് കുലി കിട്ടിക്കൊണ്ടിരുന്നതുപോലും ഇപ്പോൾ ഇല്ലാതായി. ന്യായവില ഷാപ്പുകളും ഇല്ല. വമ്പിച്ച തോതിലുള്ള വിലക്കയറ്റം. ഇൻഡ്യാ ഗവണ്മെൻറിൻെറ കുമതലയിൽ നടത്തുന്ന ഒരു കമ്പനിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു് ന്യായമായ വിലയ്ക്കു നിത്യോപയോഗസാധനങ്ങളും എത്തിച്ചുകൊടുക്കുന്നതിനു ഏർപ്പാടു ചെയ്യുമോ എന്നു ചോദിച്ചപ്പോൾ കോപ്പറേറീവു് സൊസൈറ്റിയാണു് നല്ലതെന്നു് പറഞ്ഞു ഒഴിയുകയാണു് ചെയ്തതു്.

LIBRARY ARCHIVES Kerala Legislative Assembly